**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 440** **05-12-2022 - ൽ മറുപടിയ്ക്ക്**

**പെരിന്തൽമണ്ണ എക്സൈസ് ഓഫീസിന് പുതിയ കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ജീർണ്ണിച്ച പഴയ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പെരിന്തൽമണ്ണ എക്സൈസ് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | പെരിന്തൽമണ്ണ എക്സൈസ് റേഞ്ച് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന കെട്ടിടവും സ്ഥലവും റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതാണ്. പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി റവന്യൂ വകുപ്പിന്റെ സ്ഥലം ആവശ്യപ്പെട്ടുകൊണ്ട് മലപ്പുറം ജില്ലാ കളക്ടർക്ക് എക്സൈസ് വകുപ്പ് കത്ത് നൽകിയിട്ടുണ്ട്. |
| (ബി) | ജീർണ്ണിച്ച പഴയ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന പെരിന്തൽമണ്ണ എക്സൈസ് ഓഫീസിന്റെ പരാധീനതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ബി) | ഉണ്ട്. പെരിന്തൽമണ്ണ എക്സൈസ് ഓഫീസ് നിലവിൽ പ്രവർത്തിക്കുന്ന റവന്യൂ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന്റെ അറ്റകുറ്റ പണികൾ ചെയ്യുന്നതിനായി പൊതുമരാമത്ത് വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ